സേവനങ്ങൾ, അഭിനന്ദനാർഹരായ ജീവനക്കാരുടെ വിവരങ്ങൾ, കെ.എസ്.ആർ. ടി.സി. ജീവനക്കാർ അറിഞ്ഞിരിക്കേണ്ടതും, പാലിക്കേണ്ടതുമായ പൊതു ഉത്തരവുകൾ, കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പിനും അതുവഴി വരുമാന വർദ്ധനവിനും ഉതകുന്ന വിവരങ്ങൾ മുതലായവയാണ് ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഉൾപ്പെടുത്തുന്നതാണ്.

(ഡി) കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരിൽ സർവ്വീസ് നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്ന ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ ജോലിയും ഉത്തരവാദിത്വങ്ങളും 1953-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കിയ മാന്വൽ പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്. പലപ്പോഴും ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യാപകമായ സംശയങ്ങൾ നിലനിന്നുപോരുകയും ചെയ്തിരുന്നു. അക്കാരണത്താൽ ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് മലയാള ഭാഷയിൽ പരിഷ്ക്കരിച്ച മാന്വൽ തയ്യാറാക്കുന്നത് ആവശ്യമായിത്തീർന്നു. മാത്രമല്ല, മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് അടിസ്ഥാനപരമായ മാറ്റങ്ങളും അനിവാര്യമായി. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള മാന്വൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മലയാള ഭാഷയിൽ തയ്യാറാക്കി അംഗീകൃത തൊഴിലാളി സംഘടനകളുമായി ആവശ്യമായ പ്രാഥമിക ആശയ വിനിമയം നടത്തി, ഇതര ജീവനക്കാരുടെയും സൂപ്പർവൈസറി വിഭാഗങ്ങളുടെയും ജോലിയും ഉത്തരവാദിത്വങ്ങളും കൂടി ക്രോഡീകരിച്ച് മാന്വൽ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഇ) പ്രസിദ്ധീകരണം ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണം

21 (*561) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ ;

(ബി) മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ആധുനിക രീതിയിലുള്ള വാസസ്ഥനങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മൃഗശാലകൾ കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 1997 മുതൽ തിരു വനന്തപുരം മൃഗശാലയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുവരെ വിവിധയിനം കുരങ്ങുകൾ, കരടികൾ, കടുവ, സിംഹം, പുള്ളിപ്പുലി, നീർക്കുതിര, കാണ്ടാമൃഗം, ആന, മാനുകൾ, ജിറാഫ്, സീബ്ര, കാട്ടാട്, ഒട്ടകപക്ഷി, പാമ്പുകൾ, മയിൽ, പക്ഷികൾ എന്നിവയ്ക്ക് ആധുനിക രീതിയിലുള്ള പരിബന്ധനങ്ങൾ നിർമ്മിച്ചുകഴിഞ്ഞു. ആധുനിക രീതിയിലുള്ള ചികിൽസാ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് പുതിയ ആശുപത്രി കെട്ടിടവും അനുബന്ധ സജ്ജീകരണങ്ങളും നിർമ്മിച്ചുകഴിഞ്ഞു. മുതലകൾ, കാട്ടുപോത്ത് എന്നിവയ്ക്കുവേണ്ടിയുള്ള ആധുനിക പരിബന്ധനങ്ങളുടെ പണി തുടങ്ങിയിട്ടുണ്ട്. 2009 മുതൽ 20 വർഷത്തേയ്ക്കുള്ള ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കുകയും അതനുസരിച്ച് മറ്റുള്ള ജീവികൾക്കുള്ള ആധുനിക പരിബന്ധനങ്ങൾ മുൻഗണനാക്രമാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തൃശൂരിലെ മൃഗശാല ആധുനിക രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. തൃശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ആധുനിക രീതിയിലുള്ള വാസ സ്ഥലങ്ങൾ എവിടെയൊക്കെ ആയിരിക്കണമെന്നതിന് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്ളാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് മുൻഗണനാക്രമത്തിൽ നിർമ്മിക്കുന്നതിന് പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങളിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തു കഴിഞ്ഞു. കുളത്തിന്റെ പാർശ്വഭിത്തികളിൽ പുല്ലുകൾ നട്ടുപിടിപ്പിച്ച് മോടി പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. ചെറിയ കുളം ജലപക്ഷികൾക്കുള്ള ആവാസ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വലിയ കുളത്തിന്റെ ചുറ്റുമുള്ള സ്ഥലങ്ങളിൽ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള അനുബന്ധ ജോലികൾ പൂർത്തിയാക്കിവരുന്നു.

(ഡി) തിരുവനന്തപുരം മൃഗശാല കൂടുതൽ ആകർഷകമാക്കുന്നതിനായി 2010 മാർച്ച് മാസത്തിൽ 21 ജോഡി വിവിധയിനം വിദേശപക്ഷികളെ വാങ്ങുകയുണ്ടായി. കൂടുതൽ പക്ഷിമൃഗാദികളെ മൃഗശാലയിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കൂടാതെ സന്ദർശകർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സെൻട്രൽ സൂ അതോറിറ്റി അംഗീകരിച്ചതിന്റേയും, ഈ പ്രവൃത്തി 1980-ലെ വന (സംരക്ഷണ) ആക്ടിലെ ചട്ടങ്ങളുടെ ലംഘനമാവില്ലെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അറിയിച്ചതിന്റെയും വെളിച്ചത്തിൽ 124 ഹെക്ടർ ഭൂമി മൃഗശാലാ മാറ്റി സ്ഥാപിക്കുന്നതിനായി സാംസ്ക്കാരിക വകുപ്പിന് അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് 16-5-2009-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ 22-6-2010-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്തിൽ വനഭൂമിയിൽ മൃഗശാല സ്ഥാപിക്കുന്നത് ഒരു വനവൽക്കരണ പ്രവർത്തനമല്ലെന്നും, ആകയാൽ 1980-ലെ വനസംരക്ഷണ നിയമം ബാധകമാണെന്നും അറിയിച്ചിരിക്കുന്നു. അതുകൊണ്ട് വനമന്ത്രാലയത്തിന്റെ അനുമതി നേടി മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളുടെ കാനേഷുമാരി

22 (*562) ശ്രീ. എ. എം. യൂസഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച സമഗ്ര വിവര ശേഖരത്തിനായി നടത്തിയ കാനേഷുമാരി പൂർത്തിയായിട്ടുണ്ടോ ;

(ബി) കുട്ടികളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത് ;

(സി) കാനേഷുമാരി ഏത് ഏജൻസി മുഖാന്തിരമാണ് നടത്തിയത് ;

(ഡി) കാനേഷുമാരിയിൽ നിന്നും ലഭിച്ച പ്രധാന വിവരങ്ങൾ എന്തെല്ലാമാണ് ;

(ഇ) കാനേഷുമാരി റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്.

(ബി) പേര്, ജനനത്തീയതി, മേൽവിലാസം, രക്ഷിതാക്കളെ സംബന്ധിച്ച വിവരങ്ങൾ, പഞ്ചായത്ത്, വാർഡ്, ജാതി, മതം, മാതൃഭാഷ, പഠിക്കുകയാണ് എങ്കിൽ വിദ്യാലയത്തിന്റെ പേര്, സ്റ്റാൻഡേർഡ്, തോൽവി/ജയം, കാറ്റഗറി (എസ്.സി./എസ്.ടി,. ഒ.ബി.സി. മുതലായവ), പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (ഡിസേബ്ൾഡ്), എ.പി.എൽ./ബി.പി.എൽ. സ്റ്റാറ്റസ്, താമസസ്ഥലത്തിനടുത്ത വിദ്യാലയത്തിലാണോ പഠിക്കുന്നത് തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചത്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കണക്ക്, കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ എന്നീ വിവരങ്ങളും ശേഖരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly